## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1246 12.07.2011- ൽ മറുപടിക്ക്**

## ഓർഡിനൻസുകൾ സംബന്ധിച്ച നിലപാട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>" പി.റ്റി.എ. റഹീം<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി പി. അയിഷാ പോറ്റി | ബഹു. മുഖ്യമന്ത്രി |

| | | |
|---|---|---|
| (എ) | ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതും നിയമമാക്കുന്നതും സംബന്ധിച്ച ഈ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ; | ഭരണഘടനയുടെ 213 അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഓർഡിനൻസ് പുറപ്പെടുവിക്കൂ. അത്തരം ഓർഡിനൻസുകൾ നിയമം ആണ്. |
| (ബി) | ഇപ്പോൾ പ്രാബല്യത്തിലുള്ള ഓർഡിനൻസുകൾ ഏതൊക്കെയാണ്; അവ ഓരോന്നിന്റെയും ഉദ്ദേശമെന്തായിരുന്നു; | ഇപ്പോൾ പ്രാബല്യത്തിലുള്ള ഓർഡിനൻസുകളും അവയുടെ ഉദ്ദേശ്യലക്ഷ്യവും താഴെ പറയും പ്രകാരമാണ്:-<br><br>(1) <u>2011-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ഓർഡിനൻസ് (2011-ലെ 27)</u><br><br>സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് (2005-ലെ 8) 2005 ഫെബ്രുവരി 9-ാം തീയതി മുതൽ പ്രാബല്യത്തിലുണ്ട്. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം ഒരു വിനോദസഞ്ചാര കമ്മിറ്റിയും സർക്കാർ രൂപീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കമ്മിറ്റി സംസ്ഥാനതലത്തിൽ ചുമതലകൾ നിർവ്വഹിച്ചു വന്നതിനാൽ വിവിധ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണവും പരിപാലനവും പ്രസ്തുത കമ്മറ്റിക്ക് പൂർണ്ണമായി കൈവരിക്കാൻ സാധിക്കുകയില്ല എന്ന് സർക്കാർ കരുതുകയും, പ്രസ്തുത കമ്മിറ്റിക്ക് പകരമായി ഒരു വിനോദസഞ്ചാരമേഖലയ്ക്കോ അല്ലെങ്കിൽ |

| | | |
|---|---|---|
| | | വിവിധ വിനോദസഞ്ചാര മേഖലകൾക്കോ വേണ്ടി ജില്ലാതല ആഫീസർമാരും ജനപ്രതിനിധികളും അംഗങ്ങളായി വിനോദസഞ്ചാര വികസന അതോറിറ്റികൾ രൂപീകരിക്കുവാനും വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കാനും അതിലേക്ക് ഒരു ഫണ്ട് രൂപീകരിക്കുവാനുമുള്ള വ്യവസ്ഥകൾ 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൽ (2005-ലെ 8) ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത ഓർഡിനൻസ്.<br><br>(2) **<u>The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2011 (28 of 2011)</u>**<br><br>കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കായും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം നൽകിയിരുന്നില്ല.<br>(3) <u>2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 29)</u><br><br>2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിൻ (2005-ലെ 20) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പ്രൊമോട്ടർ സാധാരണ നറുക്കെടുപ്പിന് ഏഴ് ലക്ഷം രൂപയും ബമ്പർ നറുക്കെടുപ്പിന് പതിനേഴ് ലക്ഷം രൂപയുമാണ് നികുതി ഒടുക്കേണ്ടത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള നികുതി നിരക്ക് സാധാരണ നറുക്കെടുപ്പിന് ഇരുപത്തിയഞ്ച് ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പിന് അമ്പത് ലക്ഷം രൂപയായും |

| | | |
|---|---|---|
| | | ഉയർത്തുവാൻ വേണ്ടിയും പ്രസ്തുത ആക്റ്റിന്റെ 10-ാം വകുപ്പ് പ്രകാരം, 7-ാം വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ പ്രോമോട്ടറും ഓരോ മാസത്തിന്റെയും ഒന്നാം തീയതി, അസിസ്റ്റന്റ് കമ്മീഷണർക്ക്, അടുത്തുവരുന്ന മാസം മുതൽ ആരംഭിക്കുന്ന മാസത്തിൽ നടത്തേണ്ട നറുക്കെടുപ്പിനെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനും, ആക്റ്റ് പ്രകാരം അയാൾ നൽകേണ്ടതായ മുഴുവൻ നികുതിത്തുകയും മുൻകൂറായി നൽകുവാനും അപ്രകാരം മുൻകൂർ നികുതി സ്വീകരിക്കുന്നതിനായി ഏത് ലോട്ടറിയുമായി ബന്ധപ്പെട്ടാണോ നികുതി അടയ്ക്കേണ്ടത് ആ ലോട്ടറി സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശം അല്ലെങ്കിൽ രാജ്യം 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്റ്റിലെയും (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രവും ലോട്ടറി സംബന്ധിച്ച മറ്റു ചില വിശദാംശങ്ങളുംകൂടി സമർപ്പിക്കുവാനും ഉള്ള വ്യവസ്ഥകൾ 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിൽ (2005-ലെ 20) ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്.<br><br>**(4) The Kerala Stamp (Amendment) Ordinance, 2011 (30 of 2011)**<br><br>ഭൂമിയെ സംബന്ധിച്ച കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി, തന്റെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് ന്യായവില നിജപ്പെടുത്താനായി 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 28എ വകുപ്പ് (1)-ാം ഉപവകുപ്പ്, റവന്യൂ ഡിവിഷണൽ ആഫീസറെ അധികാരപ്പെടുത്തുന്നുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ആഫീസർമാർ സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിജപ്പെടുത്തുകയും, |

ആവശ്യമായ വിജ്ഞാപനം 2010 മാർച്ച് 6-ാം തീയതിയിലെ 515-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തു കയും ചെയ്തു. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പനുസരിച്ച് ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം ഉപവകുപ്പിന്റെ കീഴിൽ അത് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ ഫയൽ ചെയ്യാവുന്ന താണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഭൂമിയുടെ ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള വർക്ക് അപ്പീൽ കൊടുക്കാൻ കൂടുതൽ സമയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടതി നാൽ 28എ വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പ്രസ്തുത വ്യവസ്ഥയിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് മുപ്പതു ദിവസത്തിൽനിന്നും ഒരു വർഷമായി ദീർഘിപ്പി ക്കുവാനും ഒരു വർഷത്തെ കാലയളവിനു ള്ളിൽ അപ്പീൽ നൽകാതിരിക്കാൻ അപ്പീൽ വാദിക്ക് മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം ഒരു വർഷത്തെ കാലയളവിനുശേഷം സമർപ്പിക്കുന്ന അപ്പീലും സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് അധികാരം നൽകുന്നതിനും വേണ്ടിയുള്ള വ്യവസ്ഥകൾ 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17) ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുള്ള താണ് ഈ ഓർഡിനൻസ്.

5. **2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ്** -

2011-ലെ കേരള നദീതീര സംരക്ഷണവും മണ ൽവാരൽ നിയന്ത്രണവും ആക്റ്റിലെ നിലവിലു ണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം ആക്റ്റിലെ വ്യവസ്ഥകളുടെ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം വഹിക്കുന്നതിന് ഉള്ള അധികാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകുന്നതിനും, ജില്ലാ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന നദീ തീര സംരക്ഷണ പദ്ധതികൾ സൂക്ഷ്മപരിശോധന ചെയ്ത് പാസ്സാക്കുന്നതിന് സംസ്ഥാന തലത്തിൽ

ഒരു സമിതി രൂപീകരിച്ചു പ്രവർത്തിക്കുന്നതിനും, നിലവിലുള്ള ജില്ലാ വിദഗ്ദ്ധ സമിതിയിലും കടവ്കമ്മിറ്റിയിലും തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും, അനധികൃതമായി മണൽ കടത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും കണ്ടുകെട്ടുന്നതിനും പിടിച്ചെടുക്കുന്നതിനുമുള്ള വ്യവസ്ഥകളിൽ ഉണ്ടായിരുന്ന ചില പോരായ്മകൾ പരിഹരിക്കുന്നതിനും കൂടാതെ മണൽ കടത്തുന്നത് ഫലപ്രദമായി തടയുന്നതിന് ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കുന്നതിനും വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ്.

6. <u>2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ഓർഡിനൻസ്</u>-

കേരള സർക്കാർ ഭൂപതിവ് ആക്റ്റിൻ കീഴിൽ സർക്കാരിന് പിൻകാല പ്രാബല്യത്തോടെ ചട്ടങ്ങളുണ്ടാക്കാൻ വ്യവസ്ഥയുള്ളൂ. ഇത് മുൻകാല പ്രാബല്യത്തോടു കൂടിയും ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ പ്രാപ്തമാക്കുന്നതിനു വേണ്ടിയാണ് ഈ ഓർഡിനൻസ്.

7. <u>2011-ലെ കണ്ണൻദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ഓർഡിനൻസ്</u> -

1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) ആക്റ്റ് മുഖേന കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡിന് തിരിച്ചുനൽകിയിട്ടുള്ള ഭൂമിയുടെ പാട്ടാവകാശം ഇപ്പോൾ ടാറ്റ് ടീ കമ്പനിക്കാണ്. പ്രസ്തുത ഭൂമിയിൽ നിന്നും 1073.50 ഏക്കർ വിസ്തൃതിയുള്ള ഭാഗം വിനോദസഞ്ചാര മേഖല സ്ഥാപിക്കുന്നതിനായി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കുന്നതിനാണ് പ്രസ്തുത ഓർഡിനൻസ്.

8. <u>2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്</u>-

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ 12-ാം വകുപ്പിൽ അനധികൃതമായി നെൽവയലോ തണ്ണീർത്തടമോ നികത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെ

ടുക്കുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസർക്ക് നൽകുന്നതിനും, പ്രസ്തുത ആക്റ്റിലെ 13-ാം വകുപ്പു പ്രകാരം നികത്തിയ നെൽവയലും തണ്ണീർതടവും പഴയ സ്ഥിതിയിൽ കൊണ്ടുവരുന്നതിന് നടപടി എടുക്കാനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകുന്നതിനും, പത്തൊൻപതാം വകുപ്പു പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഉണ്ടായിരുന്ന അധികാരങ്ങൾ വില്ലേജ് ഓഫീസർക്ക് നൽകുന്നതിനുമാണ് ഈ ഓർഡിനൻസ്.

9. 2011-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 33).

ബ്ലോക്ക് പഞ്ചായത്തുകളെ പുന:സംഘടിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്

10. 2011-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2011-ലെ 34).

31-12-08 വരെയുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങളെ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്

11. "2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 35).

31-12-08 വരെയുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങളെ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്.

12. 2011-ലെ കേരള തദ്ദേശഭരണസ്ഥാപന വായ്പാ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 36).

സുസ്ഥിര നഗരവികസന പദ്ധതിക്കു വേണ്ടി എ.ഡി.ബി-യിൽ നിന്നും എടുത്ത വായ്പ ചിലവാകാതെവന്നപ്പോൾ അത് കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പമെന്റ്

ഫണ്ട് (KLGDF) എന്ന ഫണ്ട് രൂപീകരിച്ച് നിക്ഷേപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്.

<u>13. 2011-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 37)</u>

1948ലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ടിലെ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും, 1923 ലെ വർക്ക്മാൻ കോമ്പൻസേഷൻ ആക്റ്റ്, ആനുകൂല്യങ്ങൾ കുറയ്ക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്.

<u>14. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2011. (2011-ലെ 31-ാം നമ്പർ ഓർഡിനൻസ്)</u>

സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിലേയും സെക്രട്ടറിമാർ ഒഴികെ സ്പോർട്ട്സ് കൗൺസിലുകളിലെ തസ്തികകളിലെ നിയമനങ്ങളിലെ അൻപതു ശതമാനം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തുന്നതിനുവേണ്ടിയുള്ള ഓർഡിനൻസ്. ഈ ഓർഡിനൻസ് പ്രാബല്യത്തിൽ കൊണ്ടുവന്നില്ല.

<u>15. കേരള ഭവന നിർമ്മാണ ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2011. (2011-ലെ</u> 32-ാം നമ്പർ ഓർഡിനൻസ്)

സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ സംയുക്ത സംരംഭ പദ്ധതിയിലൂടെയോ പൊതു-സ്വകാര്യ പങ്കാളിത്തം മുഖേനയോ സ്ഥാപിക്കുന്നതിനുവേണ്ടി 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഓർഡിനൻസ്.

<u>16. കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ്, 2011 (2011-ലെ 43-ാം നമ്പർ ഓർഡിനൻസ്)</u>

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ധനകാര്യ വകുപ്പ് (എക്സ്പെന്റിച്ചർ) സെക്രട്ടറി തുടങ്ങിയവർക്ക് സ്പോർട്ട്സ് കൗൺസിൽ മീറ്റിംഗുകളിൽപങ്കെടുക്കാൻ അസൗകര്യ

| | | |
|---|---|---|
| | | മുള്ള പക്ഷം അവരുടെ പ്രതിനിധികളെ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതിനും സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം ഏഴായി വർദ്ധിപ്പിക്കുന്നതിനും ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരായി സ്പോർട്സ് കൗൺസിലിലെ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിക്കുന്നതിനും വേണ്ടിയുള്ള ഓർഡിനൻസ്.<br><br>17. 2011-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 26)<br><br>ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി അംഗങ്ങളുടെ വാർഷിക വരിസംഖ്യ നിലവിലുള്ള 400 രൂപയിൽ നിന്ന് 1200 രൂപയായി ഉയർത്താനും ആയതു ഗഡുക്കളായി 2011 ഡിസംബർ 31-ന് മുമ്പ് ഈടാക്കാനും ഉതകുന്ന വിധത്തിൽ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 17-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.<br><br>18. 2011-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 41)<br><br>നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി നദിയും തണ്ണീർത്തടവും സംസ്ഥാന അതോറിറ്റി രൂപീകരിക്കുന്നതിനും മറ്റുമായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.<br><br>19. 2011-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 42)<br><br>3 കോടി രൂപയോ അതിൽ കൂടുതലോ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾക്കു മാത്രമായി ടോൾ പിരിവ് പരിമിതപ്പെടുത്തുന്ന |

തിനായി 1976-ലെ കേരള ടോൾ ആക്റ്റിന്റെ 2-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

**20. 2011-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 24)**

സർവ്വകലാശാലകളിൽ പ്രോ-വൈസ് ചാൻസലറായി നിയമിക്കപ്പെടുന്നതിനുള്ള ഉയർന്ന പ്രായപരിധി അറുപത് വയസ്സായി ഉയർത്തുന്നതിനും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും അന്തർസർവ്വകലാശാല സ്ഥലം മാറ്റങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനും കണ്ണൂർ സർവ്വകലാശാലയുടെ സിന്റിക്കേറ്റിൽ വിദ്യാർത്ഥി പ്രതിനിധികളുടെ ഒരു നോമിനിയെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്യുന്നതിനും വേണ്ടിയുള്ളതാണ് പ്രസ്തുത ഓർഡിനൻസ്.

**21. 2011-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 25)**

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഉന്നതവിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഒരു സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്.

**22. The Kerala Co-operative Societies (Amendment) Ordinance, 2011 (Ordinance No.22 of 2011)**

സർക്കാരിന് സഹകരണസംഘം ആഡിറ്ററുടെ നിയമനം നടത്തുന്നതിന് മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൻകാല പ്രാബല്യത്തോടുകൂടിയോ വിജ്ഞാപനം പുറപ്പെടുവിക്കുവാനും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങൾ ആവശ്യമെങ്കിൽ രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്ക്
ഏൽപ്പിച്ചുകൊടുക്കുന്നതിനും മറ്റും അധികാരം നൽകുന്നതിനായി സഹകരണ സംഘം

ആക്റ്റിലെ 63-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന് ഭേദഗതി വരുത്തുന്നതിനും (8)-ാം ഉപവകുപ്പ് കൂട്ടി ചേർക്കുന്നതിനുമായാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

**23. The Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Ordinance, 2011-(Ordinance No.23 of 2011)**

ആരോഗ്യ സുരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യ സുരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടിയുള്ളതാണ് പ്രസ്തുത ഓർഡിനൻസ്.

**24. 2011-ലെ കേരള പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് (2011-ലെ 40-ാം നമ്പർ ഓർഡിനൻസ്)**

സംസ്ഥാനത്ത് പാരാ മെഡിക്കൽ ടെക്നീഷ്യൻമാർക്ക് രജിസ്ട്രേഷൻ നല്കുന്നതിനും അവരുടെ യോഗ്യതകൾ ക്രമീകരിക്കുന്നതിനും പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും മറ്റും വേണ്ടി ഒരു പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്നിട്ടില്ല.

**25. The Kerala Co-operative Societies ( Second Amendment) Ordinance, 2011(Ordinance No.44 of 2011) ;**

ലോൺ കുടിശ്ശിക ഇനത്തിൽ ബാങ്കിന്റെ കൈവശം വന്നുചേർന്ന സ്ഥാവര വസ്തുക്കൾ;

| | | |
|---|---|---|
| | | ഏഴ് വർഷത്തിനകം രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി (വകുപ്പ് 56എ) കൈമാറ്റം ചെയ്യുന്നതിനും സഹകരണ ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യതയും കാലാവധിയും നിശ്ചയിക്കുന്നതിനും (വകുപ്പ് 70എ) കേരള സഹകരണ ജീവനക്കാർക്കുള്ള ക്ഷേമപദ്ധതിയും ക്ഷേമബോർഡും രൂപീകരിക്കുന്നതിനും മറ്റുമാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | മുൻ നിയമസഭയുടെ കാലത്തെ അവശേഷിക്കുന്ന ഓർഡിനൻസുകൾ പുന:പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ; | ആവശ്യമായ ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണം നടത്തും. |
| (ഡി) | മുൻ സർക്കാർ (2006-2011) അധികാരത്തിൽ വരുമ്പോൾ 2001- 2006-ലെ യു.ഡി.എഫ്. സർക്കാർ അവശേഷിപ്പിച്ച എത്ര ഓർഡിനൻസുകൾ പുന:പ്രഖ്യാപിച്ചു ? | മുൻ സർക്കാർ (2006-2011) അധികാരത്തിൽ വരുമ്പോൾ 2001-2006-ലെ യു.ഡി.എഫ്. സർക്കാർ അവശേഷിപ്പിച്ച 17 ഓർഡിനൻസുകളിൽ താഴെ പറയുന്ന 12 ഓർഡിനൻസുകൾ മാത്രം പുന:പ്രഖ്യാപിച്ചിട്ടുണ്ട്:-<br>(1) The Edavagai Rights Acquisition (Amendment) Ordinance, 2006 (9 of 2006)<br>(2) The Kerala Revenue Recovery (Amendment) Ordinance, 2006 (10 of 2006)<br>(3) The Arthapalisa, Jenmibhogam and Karathilchilavu (Abolition) Ordinance, 2006 (13 of 2006)<br>(4) The Kerala Public Accountants (Amendment) Ordinance, 2006 (21 of 2006)<br>(5) The Kerala State Commission for the Scheduled Castes and the Scheduled Tribes Ordinance, 2006 (25 of 2006)<br>(6) The Kerala Survey and |

| | | |
|---|---|---|
| | | Boundaries (Amendment) Ordinance, 2006 (26 of 2006)<br>(7) കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസ് 2006 (2006-ലെ 29).<br><br>(8) കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റ ാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ഓർഡിന ൻസ് 2006 (2006-ലെ 30).<br><br>(9) കേരള ആയുർവേദ ആരോഗ്യ കേന്ദ്ര (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ഓർഡിനൻസ് 2006 (2006-ലെ 31).<br><br>(10) 2006-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസ് (2006 -ലെ 18)<br><br>(11) 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസ് (2006 ലെ 27)<br>(12) 2006-ലെ കേരള മത്സ്യതൊഴിലാളികളു ടേയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ഓർഡിനൻസ് (2006 ലെ 28) |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ